## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4503 — 13.11.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയ്ക്കായി പ്രളയ പുനരധിവാസ പദ്ധതി

**ചോദ്യം** — ശ്രീ.കെ.ജെ. മാക്സി

**മറുപടി** — ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) 2018 ലെ മഹാപ്രളയത്തിന്റെയും 2019-ലെ പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ക്ഷീരമേഖലയുടെ പുനരുദ്ധാരണത്തിനായി ക്ഷീര നവോത്ഥാനം എന്ന പ്രളയ പുനരധിവാസ പദ്ധതി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ) 2018, 2019 വർഷങ്ങളിലെ പ്രളയത്തിന്റെയും മറ്റ് പ്രകൃതി ക്ഷോഭത്തിന്റെയും പശ്ചാത്തലത്തിൽ ക്ഷീരമേഖലയുടെ പുനരുദ്ധാരണത്തിനായി 22 കോടി രൂപയുടെ 'ക്ഷീര നവോത്ഥാനം' എന്ന പ്രളയപുനരധിവാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) എങ്കിൽ ക്ഷീരകർഷകർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രളയദുരിതാശ്വാസത്തിനായി നടപ്പാക്കുന്ന ക്ഷീര നവോത്ഥാനം പദ്ധതിയിൽ പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് ഉൾപ്പെടുത്തി-യിരിക്കുന്നത്.

| ക്രമ നം. | പദ്ധതി | ധനസഹായം (രൂപ) |
|---|---|---|
| 1. | ഒരു പശു യൂണിറ്റ് | 41,000 |
| 2. | 2 പശു യൂണിറ്റ് | 82,000 |
| 3. | 5 പശു യൂണിറ്റ് | 2,15,000 |
| 4. | കോമ്പോസിറ്റ് ഡയറി യൂണിറ്റ് | |
| | എ)1 പശു + 1 കിടാരി | 60,000 |
| | ബി)3 പശു + 2 കിടാരി | 1,70,000 |
| 5. | അവശ്യാധിഷ്ഠിത സഹായം | 60,000 |
| 6. | കാലിത്തൊഴുത്ത് നിർമ്മാണം | 60,000 |
| 7. | കണ്ടിജൻസി ഫണ്ട് | 15,000 |
| 8 | ധാതുലവണ മിശ്രിതം | 100/- / kg |

(സി) ഈ പദ്ധതി പ്രകാരം എത്ര ക്ഷീരകർഷക കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന് അറിയിക്കാമോ; വിശദാംശം വ്യക്തമാക്കാമോ?

(സി) ഈ പദ്ധതി പ്രകാരം ഏകദേശം 28000 ക്ഷീര കർഷകർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**